## ചീഫ് ടൗൺ പ്ലാനറുടെ നടപടി

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ് -ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം -സാങ്കേതിക വിഭാഗം-കാസർഗോഡ് ജില്ല -പള്ളിക്കര ഗ്രാമപഞ്ചായത്ത്-പനയാൽ വില്ലേജ് -പെട്രോൾ പമ്പ് നിർമ്മാണം- ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ശ്രീ.ബിജുമോൻ.കെ., കാസർഗോഡിന്റെ അപേക്ഷ.
2. കാസർഗോഡ് ടൗൺ പ്ലാനറുടെ 04-10-2019-ലെ സി-853/2019 നമ്പർ കത്ത്.

==========================================================================

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ് നമ്പർ. TCPCTP/2368/2019-D1 തീയതി:28/10/2019**

==========================================================================

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പനയാൽ വില്ലേജിൽ സർവ്വെ നമ്പർ. 130/5A2Pt-എന്നിവയിൽപ്പെട്ട സ്ഥലത്ത് Group-I Occupancy-പ്പെട്ട 380.ച.മീ തറവിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.ബിജുമോൻ.കെ.യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ.2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും , സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ:-**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ.2011-ലെ ചട്ടം -11 പ്രകാരം സ്ഥലത്തിന്റെ, ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമി /വനഭൂമി യിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ.2011-നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട് വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. കെ.പി.ബി.ആർ.2011- ചട്ടം 61(17) പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗഫലമായി ഉൽപാദിപ്പിക്കപ്പെടുന്ന മലിനജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുൽപ്പാദനത്തിനും പുനരുപയോഗത്തിനും പ്രത്യേകമായി വ്യവസ്ഥ ചെയ്യേണ്ടതാണ്.

8. ജില്ലാ കളക്ടറുടെ എൻ.ഒ.സി. ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണാനുമതി നൽകാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 118/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

**(ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം)**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ.

**ജയശ്രീ. പി.ആർ.**
**ടൗൺ പ്ലാനർ**

**സെക്രട്ടറി**
പള്ളിക്കര ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.

പകർപ്പ്:-1. Sri.Bijumon.K,
Thottambady(H), Mayicha,
Cheruvathur.P.O.,Thuruthi, Kasaragod-671313
2. ടൗൺ പ്ലാനർ, കാസർഗോഡ്.
3. വെബ് സൈറ്റ്. 4. കരുതൽ ഫയൽ. 5. അധികം.